# സമന്വയം

## ജി എച്ച് എസ് എസ് അഴീക്കോട്


IT LAB


LIBRARY ROOM




CHILDREN'S PARK


SOCIAL SCINCE LAB


SCINCE LAB

# ഉപദേശകസമിതി

സരസ്വതി എം.എസ് (ഹെഡ് മിസ്ട്രസ് )

ബിന്ദു.വി (കൈറ്റ് മിസ്ട്രസ് )

കൃജ.എ (കൈറ്റ് മിസ്ട്രസ് )

# ആമുഖം

തനതായ സാഹിത്യാഭിരുചികളുടെ കുഞ്ഞെഴുത്തുകളുമായി തന്റേതായ വഴികളിലൂടെ ഭാഷയുടെ സ്പർശവുമായി സഞ്ചരിക്കുകയാണ് നമ്മുടെ കൂട്ടുകാർ.കഥയായും കവിതയായും മറ്റ് വ്യത്യസ്ത രൂപങ്ങളായും വരച്ച് കാണപ്പെടുന്ന ഈ സൃഷ്ടിയിൽ സാഹിത്യത്തിന്റെയും സാങ്കേതികവിദ്യയുടെയും സംയോജനമാണ് നമുക്ക് കാണുവാൻ കഴിയുക.നവമേഖലകളിലൂടെയുള്ള സാങ്കേതികവിദ്യയുടെ സഞ്ചാരവഴികൾ വിദ്യാർത്ഥികൾക്കും ആധുനിക തലമുറയ്ക്കും പുത്തൻ അറിവിന്റെ വിശാലമായ ജാലകങ്ങൾ തുറന്നിടുകയും പ്രയോഗവൽക്കരിക്കപ്പെടുകയും ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കൊച്ചു കൂട്ടുകാരുടെ വ്യത്യസ്ത രചനകൾ സാങ്കേതികവിദ്യയുടെ നൂതനവിവരങ്ങൾ ഉൾക്കൊണ്ട് Little kites ഡിജിറ്റൽ മാഗസിൻ ആയി രൂപം പ്രാപിക്കുകയാണ്.ഓരോ വിദ്യാഥിയും അവരുടെ ഭാവനകൾ വ്യത്യസ്തവും സമ്പന്നവുമായ ഈ മാഗസിന്റെ ഉൾത്താളുകളിൽ ഓരോരുത്തരുടെയും അടയാളപ്പെടുത്തലുകളോടൊപ്പം പ്രചോദനങ്ങളും നിറഞ്ഞ് നിൽക്കുന്നു.അവർക്കു ലഭിച്ച ഈ അവസരത്തെ സാർഥകമാക്കിയ കുരുന്ന് പൂമ്പാറ്റകളും സാങ്കേതികവിദ്യയിലൂടെ 2023–24 അധ്യയനവർഷത്തെ 'Littile kites' digital magazine നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായ 9–ാം ക്ലാസ് വിദ്യാർഥികൾക്ക് ഇനിയും മുന്നേറുവാൻ അവസരങ്ങൾ ലഭ്യമാകട്ടെ;ഇതൊരു 'കുഞ്ഞ് 'തുടക്കം മാത്രം.

# എഡിറ്റോറിയൽ ബോർഡ്

അമേഖ്.പി 9th

അക്ഷയ്.വി.വി 9th

ശ്രീനിധിൻ.കെ 9th

ദേവിക.എ 9th

ധനശ്രീ.എസ്.കുമാർ 9th

സഹറ മറിയം.ടി.പി 9th

# ആശംസ



ജി.എച്ച്. എസ്.എസ്. അഴീക്കോടിലെ സാഹിത്യസൃഷ്ടികൾ സമാഹരിച്ച് 2023–24 അധ്യയനവർഷത്തെ 9–ാം ക്ലാസിലെ Little kites അംഗങ്ങൾ തയ്യാറാക്കിയ സമന്വയം എന്ന digital magazine ന്റെ അണിയറ ശില്പികൾക്കും രചനകൾ തയ്യാറാക്കി നൽകിയ വിദ്യാർഥികൾക്കും എല്ലാവിധ ആശംസകളും നേരുന്നു

സരസ്വതി എം.എസ്

(ഹെഡ് മിസ്ട്രസ്)

# ഉള്ളടക്കം


| | | |
|---|---|---|
| 1. അമ്മ | കവിത | 8 |
| 2. ചന്ദ്രൻ | കവിത | 9 |
| 3. പ്രപഞ്ചം | കവിത | 10 |
| 4. മിന്നുവും പൊന്നുവും | കഥ | 11 |
| 5. ഉമ്മാച്ച | ആസ്വാദനക്കുറിപ്പ് | 12 |
| 6. പൂക്കൾ | കവിത | 14 |
| 7. പ്രകൃതി | കവിത | 15 |
| 8. അഹങ്കാരത്തിന് കിട്ടിയ ശിക്ഷ | കഥ | 16 |
| 9. കിട്ടുമുയലും കിട്ടൻകരടിയും | കഥ | 17 |
| 10. മസനഗുഡി വഴി ഊട്ടിയിലേക്ക് | യാത്രാവിവരണം | 18 |
| 11. പൂന്തോട്ടം | കവിത | 20 |
| 12. വായനയുടെ പ്രാധാന്യം | ലേഖനം | 21 |
| 13. ആകാശം | കവിത | 22 |
| 14. ചുവന്ന പൂവിലെ പൂമ്പാറ്റ | കഥ | 23 |
| 15. മലയാളത്തിന്റെ സുൽത്താൻ | ജീവചരിത്രക്കുറിപ്പ് | 24 |
| 16. എന്റെ പൂച്ച | കവിത | 25 |
| 17. പാവം അനിയത്തിപ്രാവ് | കഥ | 26 |
| 18. ഇന്നലെ വന്നൊരു പൂമ്പാറ്റ | കവിത | 27 |
| 19. ജീവപര്യന്തം | ആസ്വാദനക്കുറിപ്പ് | 28 |
| 20. കടലോരത്തെ മഴ | കവിത | 29 |
| 21 കാക്കയും മുത്തശ്ശിയും | കഥ | 30 |
| 22. സാങ്കൽപ്പിക യാത്ര | യാത്രാവിവരണം | 31 |
| 23. എന്റെ മിട്ടു പൂച്ച | കഥ | 32 |
| 24. Glimpses of the past | കവിത | 33 |
| 25. കുട്ടികൾ വരച്ച ചിത്രങ്ങൾ | | 34 |

# അമ്മ

മാതൃസ്നേഹത്തിന് പകരംവെക്കാൻ
വേറൊന്നില്ല ഈ പാരിടത്തിൽ
ആരും പഠിക്കാത്ത പാഠമാണമ്മ
ആരും ഗ്രഹിക്കാത്ത ഗ്രന്ഥമാണമ്മ
പരിഭാഷയെല്ലാം ഒരുപോലിരിക്കുന്ന
പാരിലെ പുസ്തകമെന്നുമമ്മ
മാനത്ത് താരകപ്പൂക്കളെക്കാണിച്ച്
കഥകൾ പറഞ്ഞ് തരുന്നൊരമ്മ
പേറ്റുനോവിന്റെ കണക്കുപറയാതെ
കഷ്ടങ്ങൾ ഒന്നും അറിയിക്കാതെ
സ്വയം ഉരുകിത്തീരുമെന്നൊരമ്മ
അമ്മിഞ്ഞിപ്പാലിൻ രുവെണ്മ രുകുന്ന
സ്നേഹത്തിൻ നിധിയാണമ്മ
കൺകണ്ട ദൈവമായി ആരാധിക്കുന്നൊരു
ദേവിയാണെന്നുമെന്നുമമ്മ
പാരിടത്തിൽ കത്തിജ്വലിക്കുന്ന ദീപമായി
എന്നും പ്രകാശിക്കുമമ്മ
എന്നെ ഞാനാക്കിമാറ്റിയൊരമ്മ



ദേവനന്ദ്. പി 5th

# ചന്ദ്രൻ

**രാത്രി**യുടെ ഇരുട്ടിൽ തിളങ്ങുന്ന ചന്ദ്രൻ
നക്ഷത്രങ്ങളുടെ ഇടയിലൂടെ ചിരിക്കുന്ന ചന്ദ്രൻ
രാത്രിയാകുമ്പോൾ ഓടിയെത്തുന്നു ചന്ദ്രൻ
മേഘങ്ങൾക്കിടയിൽ താരത്തിനൊപ്പം
കളിക്കുന്നു ചന്ദ്രൻ
താഴോട്ടു നോക്കി ചിരിക്കുന്നു ചന്ദ്രൻ
എന്തു രസമാണ് നിന്നെ കാണാൻ.



ഫാത്തിമ തമന്ന.പി പി 5th

# പ്രപഞ്ചം

**അമ്മ** എന്ന മൂന്നക്ഷരമല്ല
അച്ഛൻ എന്ന നാലക്ഷരമല്ല
പ്രപഞ്ചം എന്ന നൂറക്ഷരമാണ്
അതിനുള്ളിൽ  കത്തുന്ന പൊൻതിരികളണിയാൻ
ആർക്കും കഴിയാതെ പോകുമല്ലോ
അത് അണിഞ്ഞു കഴിഞ്ഞാൽ നമുക്ക്
പുതിയ പൊൻ തിരികൾ തെറുത്ത്
ഒരു നല്ല പ്രപഞ്ചത്തെ പുനർജ്ജനിപ്പിക്കാം
ഒരു നല്ല പ്രപഞ്ചത്തെ പുനർജ്ജനിപ്പിക്കാം
അതണയുന്നത് കാത്തു നിൽക്കാതെ
നമുക്ക് കാവൽ നിൽക്കാം
അതണയില്ലെന്ന ആത്മവിശ്വാസമുണ്ടെങ്കിൽ
നമുക്ക് ഒരു നല്ല പ്രപഞ്ചത്തെ പുനർജ്ജനിപ്പിക്കാം
നമുക്ക് ഒരു നല്ല പ്രപഞ്ചത്തെ പുനർജ്ജനിപ്പിക്കാം



സ്വരലയ.പി എ 6th

# മിന്നുവും പൊന്നുവും

ഒരു കാട്ടിൽ മിന്നുക്കിളിയും മിന്നുക്കിളിയുടെ മകൾ പൊന്നുവും ഉണ്ടായിരുന്നു.പൊന്നുക്കിളിയുടെ ജനന ദിവസം അടുത്തപ്പോൾ മിന്നുക്കിളി കാട്ടിലെ എല്ലാവരെയും വിളിച്ച് ഒരു സദ്യ ഉണ്ടാക്കാൻ തീരുമാനിച്ചു.അങ്ങനെ എല്ലാവരെയും ക്ഷണിക്കാൻ പുറപ്പെട്ടു.പിറന്നാൾ ദിനത്തിൽ കാട്ടിലാകെ സന്തോഷം അലതല്ലി.എല്ലാവരും വന്നു.ബലൂൺ കെട്ടലും കേക്ക് ഒരുക്കലും പൊന്നു കിളിയെ അണിയിച്ചൊരുക്കലുമായി. ചിലർ ഭക്ഷണത്തിന്റെ തിരക്കിലും.അങ്ങനെ പൊന്നു കേക്ക് കട്ട് ചെയ്തു.എല്ലാവർക്കും മധുരം നൽകി.പിന്നീട് ഓരോരുത്തരും പൊന്നുവിന് സമ്മാനങ്ങൾ നൽകി.ഭക്ഷണം കഴിച്ച് വിവിധ തരം മത്സരങ്ങളും വെച്ച് അവൾ ആഘോഷിച്ച് മടങ്ങി.അങ്ങനെ മിന്നുവും പൊന്നുവും സന്തോഷത്തോടെ ഉറങ്ങി.



ആയിഷ ജന്നത്ത് 1th

# ഉമ്മാച്ചു

ആസ്വാദനക്കുറിപ്പ്

ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി.സി. കുട്ടികൃഷ്ണൻ രചിച്ച നോവലാണ് ഉമ്മാച്ചു.സ്നേഹിക്കുന്ന  പുരുഷനെ വിവാഹം കഴിക്കാൻ  കഴിയാതെവന്ന സ്ത്രീയുടെ കഥയാണ് എഴുത്തുകാരൻ ഈ പുസ്തകത്തിൽ പറയുന്നത്.മദ്ധ്യമലബാറിലെ മുസ്ലിം സാമൂഹിക ജീവിത ചരിത്രത്തിന്റെ വികാരപരമായ വശത്തെ വ്യാഖ്യാനിക്കുന്ന ഈ കൃതിയിലൂടെ ഗ്രാമവിശുദ്ധിയുള്ള ഉമ്മാച്ചുവും ബീരാനും മായനും ചാപ്പുണ്ണി നായരും ചിന്നമ്മുവും ഹൈദ്രോസും തുടങ്ങിയവരെല്ലാം മലയാളമനസ്സിൽ ഇന്നും ഓർമ്മകൾ നിലനിർത്തുന്നു.രാഗദ്വേഷാദി ഹൃദയവ്യാപാരങ്ങൾ കീഴ്പ്പെടുത്തിയ സാധാരണ മനുഷ്യരുടെ സത്യസന്ധമായ ജീവിതത്തിന്റെ ആവിഷ്കാരമാണ് "ഉമ്മാച്ചു".
മായനെ സ്നേഹിക്കുകയും ബീരാനെ വിവാഹം കഴിക്കേണ്ടിയും വന്ന ഉമ്മാച്ചുവിന്. അഭിലാഷസിദ്ധിയുടെ സുശക്തമായ ആഹ്വാനത്തിനിടയിൽ വിവേകം ചിലപ്പോൾ മാറിനിൽക്കും. കാമിനിമൂലമുണ്ടായ കലഹങ്ങളുടെ കഥയാണ് ഈ നോവൽ.കൗമാരപ്രായക്കാരായ ബീരാനും മായനും ചെറുപ്പം മുതലെ സുഹൃത്തുക്കളാണ്. കാലക്രമേണ ഉമ്മാച്ചു  സുന്ദരിയായ യുവതിയായി മാറി.ബീരാന് അവളെ കല്യാണം കഴിക്കാൻ മോഹമുദിച്ചു. മായനും അവളെ മോഹിച്ചു .കരുത്തനായ മായനോട് തന്നെയായിരുന്നു ഉമ്മാച്ചുവിനും താൽപര്യം.
എന്നാൽ ബീരാൻ അവളെ വിവാഹം ചെയ്തു.

പ്രതിഷേധമുണ്ടായിരുന്നുവെങ്കിലും ഉമ്മാച്ചു നിശബ്ദം അതിനു വഴങ്ങി. തന്റെ വിവാഹത്തിന് കാരണമായ അഹമ്മദുണ്ണിയെ പോലും അവൾ വെറുത്തു. അഹമ്മദുണ്ണിയെ അടിച്ച്, അയാൾ മരിച്ചെന്നു കരുതി മായൻ
നാടു വിട്ടു .വയനാടിൽ പോയി ഒരു ഹാജിയാരുടെ കാര്യസ്ഥനായി പണിയെടുത്തു.
 അഹമ്മദുണ്ണിയുടെ മരണശേഷം അദ്ദേഹത്തിന്റെ മകൻ ഹസ്സൻ വയനാട്ടിലെത്തി.അവിടെ വച്ച് മായനും ഹസ്സനും സുഹൃത്തുക്കളായി .അഹമ്മദുണ്ണിയുടെ മരണത്തിൽ തനിക്ക് പങ്കില്ലെന്ന് അറിഞ്ഞ്
അജ്ഞാത വാസം ഉപേക്ഷിച്ച് മായൻ നാട്ടിൽ
മടങ്ങിയെത്തി. മായനും ഉമ്മാച്ചുവും പരസ്പരം
കണ്ടു സംസാരിച്ചു.അന്ന്  രാത്രിയിൽ ഉമ്മാച്ചുവിന്റെ കിടപ്പറയിൽ ആരോ വന്ന് അവളുടെ ഭർത്താവിനെ കുത്തിക്കൊന്നു.
കൊലയാളിയുടെ മുഖം അവ്യക്തമായിട്ടെങ്കിലും ഉമ്മാച്ചു
കണ്ടു,ഒപ്പം മകൻ അബ്ദുവും.  പക്ഷേ നിരപരാധിയായ  ചോഴി ശിക്ഷിക്കപ്പെട്ടു.

ഉമ്മാച്ചുവും താൻ കണ്ട സത്യം തുറന്നു പറയാൻ തയ്യാറായില്ല. നാട്ടിൽ തിരിച്ചെത്തിയ മായൻ വീട്ടു പണിതു .ഇടനിലക്കാർ മുഖേന വിധവയായ ഉമ്മാച്ചുവിന് വിവാഹോലചനയും നടത്തി.അങ്ങനെ അവർ വിവാഹം ചെയ്തു.
അവർക്ക് രണ്ട് കുട്ടികൾ  ഉണ്ടായി. ഹൈദ്രോസും മരക്കാറും.ഒരു നാൾ തന്റെ ബാപ്പയുടെ കൊലയാളി മായൻ ആണെന്ന   സത്യം ബീരാന്റെ മകൻ അബ്ദുവിന് അറിയാമെന്ന്

പറഞ്ഞത് കേട്ട് ഉമ്മാച്ചു ഞെട്ടിപ്പോകുന്നു. ഇതറിഞ്ഞ മായൻ വയനാട്ടിലേക്ക് മടങ്ങി തന്റെ ജോലികൾ ഓരോന്നായി അയാൾ പൂർത്തിയാക്കി .
ഹസ്സനെയും ആമിനയെയും ഒന്നിപ്പിച്ചു. തന്റെ
പേരിൽ ഉണ്ടായിരുന്ന വീടും പുരയിടവും അവരുടെ പേരിൽ എഴുതിക്കൊടുത്തു.പിന്നീട്
അയാൾ ആത്മഹത്യ ചെയ്തു.മായന്റെ വിയോഗത്താൽ ഉമ്മാച്ചു പൂർണമായും തകർന്നു.അതിനുശേഷം ആരോടും ഒരു വാക്ക് പോലും സംസാരിക്കാൻ അവൾ ശ്രമിച്ചില്ല.



ധനശ്രീ.എസ് .കുമാർ 9th

# പൂക്കൾ

**പൂക്കൾ** പൂക്കൾ
എന്തു നല്ല പൂക്കൾ
ചന്തമോലും പൂക്കൾ
പലനിറത്തിൽ പലരൂപത്തിൽ
വിടർന്നുനിൽക്കും പൂക്കൾ
ഭംഗിയേറും പൂക്കൾ
പൂവിൽ നിറയെ പൂമ്പാറ്റ
ഭംഗിയുള്ള പൂമ്പാറ്റ
വർണ്ണമോലും പൂമ്പാറ്റ
എന്ത് നല്ല പൂമ്പാറ്റ
എന്തു ചന്തമാണിത്
എന്തു സുന്ദരമാണിത്
എത്ര മനോഹരമാണിത്
എന്തു നല്ല പൂക്കൾ
ഭംഗിയുള്ള പൂക്കൾ



ദർഷിത്. എം 2nd

# പ്രകൃതി

മഴയൊരു പുഴയായി
പുഴയൊരു കടലായി
കടലൊരു കരയായി
കരയൊരു വനമായി
വനമൊരു പ്രകൃതിയായി



ശ്രീഗീത്.കെ(VII)

# അഹങ്കാരത്തിന് കിട്ടിയ ശിക്ഷ

**പണ്ട്** പണ്ട് കാട്ടിൽ ഒരു പുലിയുണ്ടായിരുന്നു.അത് എല്ലാവരെയും ഉപദ്രവിക്കുമായിരുന്നു.മൃഗങ്ങളെയും മനുഷ്യരെയും ഒക്കെ ആ പുലി ഉപദ്രവിക്കുമായിരുന്നു.ഞാനാണ് ശക്തൻ എന്ന് എപ്പോഴും പറയുമായിരുന്നു.ഒരു ദിവസം വേട്ടക്കാരർ വിരിച്ച വലയിൽ പുലി വീണു.അതിനു രക്ഷപ്പെടാൻ പറ്റുന്നില്ല.ഒരു എലി വന്ന് വല മുറിച്ച് രക്ഷപ്പെടുത്തി.എന്നിട്ട് പറഞ്ഞു "ചങ്ങാതീ അഹങ്കാരമല്ല സ്നേഹമാണ് വേണ്ടത്".അപ്പോൾ പുലി പറഞ്ഞു എനിക്കെന്റെ തെറ്റ് മനസ്സിലായി ഇനി ഞാൻ ആരെയും ഉപദ്രവിക്കില്ല എല്ലാവരും എന്റെ ചങ്ങാതിമാരാണ്.



സൽമാനുവൽ ഫാരിസ്.ടി.പി (II)

# കിട്ടുമുയലും മിട്ടൻകരടിയും

ഒരു കാട്ടിൽ മിട്ടൻ എന്ന് പേരുള്ള ദുഷ്ടനായ ഒരു കരടിക്കുട്ടനുണ്ടായിരുന്നു.മിട്ടൻ കരടി കാട്ടിലെ ചെറിയ എല്ലാ ജീവികളെയും ഉപദ്രവിച്ചിരുന്നു.

ഒരു ദിവസം കിട്ടു മുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു.പെട്ടെന്ന് കിട്ടു മുയലിന്റെ ദേഹത്ത് എന്തോ വന്ന് വീണു.കിട്ടു മുയൽ എണീറ്റ് ചുറ്റുപാടും നോക്കി.അതാ...മിട്ടൻകരടി ഇരുന്നു ചിരിക്കുന്നു.അവനാണ് കല്ലെറിഞ്ഞത് കിട്ടു മുയൽ ഒന്നും മിണ്ടാതെ നടന്നു.കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ കേൾക്കുന്നു.

രക്ഷിക്കണേ....

രക്ഷിക്കണേ....

കരച്ചിൽ കേട്ട സ്ഥലത്തേക്ക് കിട്ടു മുയൽ ഓടിച്ചെന്നു.നോക്കുമ്പോൾ അതാ നമ്മുടെ മിട്ടൻ കരടിയെ തേനീച്ചകൾ കടിക്കുന്നു.ഇതു കണ്ട കിട്ടുവിന് വിഷമമായി.കിട്ടു പറഞ്ഞു. നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിക്കുന്നത്.കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ.അതു കൊണ്ടാണ് ഇപ്പോൾ നിനക്ക് ഇങ്ങനെയൊരു പണി കിട്ടിയത്.പാവം തേനീച്ചകളെ ഉപദ്രവിച്ചിട്ടാണ് സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം.ഇങ്ങനെ പറഞ്ഞ് കിട്ടുമുയൽ തിരിച്ചു പോയി.എന്നിട്ട് മിട്ടൻ കരടിക്ക് പുരട്ടാനുള്ള മരുന്നുമായി തിരിച്ചുവന്നു.മിട്ടന്റെ മുഖത്തെല്ലാം പുരട്ടിക്കൊടുത്തു.ഈ കാട്ടിലെ എല്ലാ ജീവികളും സുഹൃത്തുക്കളാണ്.ഇനി ഞാൻ ആരെയും ഉപദ്രവിക്കുകയില്ല എന്ന് സന്തോഷവാനായി പറഞ്ഞു.



സഫാന.കെ(VII)

# മസനഗുഡി വഴി ഊട്ടിയിലേക്ക്

## രാത്രി

**12മണിക്കായിരുന്നു ഊട്ടിയിലേക്കുള്ള യാത്ര തുടങ്ങിയത്.**
Fighter Holidays kannur **എന്ന ട്രാവലറിലായിരുന്നു പോയത്.അങ്ങനെ കണ്ണൂരിലുള്ള പെട്രോൾ പമ്പിൽ എണ്ണ അടിക്കാൻ വാഹനം നിർത്തി.ഇനിയാണ് അങ്ങോട്ടേക്കുള്ള യാത്രയും കാഴ്ച്ചകളും തുടങ്ങുന്നത്... അങ്ങനെ നമ്മൾ 6 മണി സമയത്ത് മസനഗുഡിയുടെ കവാടത്തിലെത്തി.പിന്നെയങ്ങോട്ട് മാനും കടുവയും മറ്റ് ജീവികൾ താമസിക്കുന്ന ഒരു പച്ചപ്പ് നിറഞ്ഞ കാടിൻ നടുവിലൂടെ വാഹനം ഓടിച്ചുപോയി.മസനഗുഡിയുടെ അവസാനവും ഊട്ടി തുടങ്ങുന്നതുമായ വഴിയോരത്തുണ്ടായ ഒരു ചെറിയ കടയുടെ അടുത്ത് വാഹനം നിർത്തി.ഞാനും എന്റെ കുടുംബക്കാരും ഊട്ടിയെ കണികണ്ട് ഒരു ചൂട് പാൽ ചായ കുടിച്ചു.ഊട്ടിയിൽ എത്തി അവിടത്തെ പള്ളിയിൽ കയറി സുബ്ഹ് നിസ്കരിച്ചിറങ്ങി.ഇനി നേരെ ലോഡ്ജിലേക്കായിരുന്നു യാത്ര.എല്ലാവരും ഉറക്കക്ഷീണത്തിലായിരുന്നു റൂമിൽ കയറിയത്.മുറിയിൽ നിന്നും തിരിച്ചു വന്ന് വാഹനത്തിൽ കയറി**
യാത്രയുടെ ആദ്യ പടിയായ ഇറ്റാലിയൻ ഗാർഡനിൽ എത്തി.അങ്ങനെ ഒരാൾക്ക് 50 രൂപയായിരുന്നു ടിക്കറ്റിന്റെ വില. 17പേർക്കായിരുന്നു ടിക്കറ്റ് മുറിച്ചത്.കവാടം കഴിഞ്ഞ് അവയുടെ ഒരു പാർശ്വത്ത് കണ്ണുകൾ നീക്കി നോക്കിയപ്പോൾ ചെടികൾ മുറിച്ച് നിർമ്മിച്ച കണ്ണുകൾക്ക് കുളിർമ്മ നൽകുന്ന ഇറ്റാലിയൻ ഗാർഡൻ എന്ന വലിയ തലക്കെട്ട് കാണാൻ ഇടയായി.കാഴ്ച്ചകൾ കണ്ടശേഷം ബ്രിഡ്ജിനുമുകളിലൂടെ നടന്ന് തിരികെ വണ്ടിയിൽ കയറി നമ്മുടെ അടുത്ത സ്ഥലമെത്തുന്നതിനുമുമ്പായി പ്രഭാതഭക്ഷണം കഴിക്കാൻ ഒരു നാടൻ തട്ടുകടയിൽ കയറി പുട്ടും കടലക്കറിയും കഴിച്ച് അവിടെനിന്നും യാത്ര തുടങ്ങി.അങ്ങനെ മറ്റൊരു ഗാർഡനിലേക്ക് പോയി. അവിടുന്ന് കുറെ അധികം ഫോട്ടോസും വീഡിയോസും എടുത്ത് നേരെ ഉച്ച ഭക്ഷണം കഴിക്കാനായി പോയി നല്ല ദംമിട്ട ചൂട് ചിക്കൻ ബിരിയാണിയായിരുന്നു.അങ്ങനെ നേരെ ബോട്ടുള്ള സ്ഥലത്തേക്ക് പോയി . അവിടെ കുറെ സമയം ചിലവഴിച്ചു .രാത്രിയായി ബസ്സിൽ കയറി യാത്ര പുറപ്പെട്ടു. റൂമിലെത്തിയപ്പോൾ ക്യാമ്പ് ഫയർ വേണമെന്ന് പറഞ്ഞു. അത് കഴിഞ്ഞപ്പോൾ നല്ല ചൂട് പൊറോട്ടയും മുട്ടക്കറിയും കഴിച്ചു.പിന്നെ വീണ്ടും

റൂമിൽ കയറി കിടന്നുറങ്ങി.പിറ്റേ ദിവസം രാവിലെ എഴുന്നേറ്റ് പല്ല് തേച്ചു,ചൂട് കട്ടൻചായ കുടിച്ച് നേരെ വണ്ടിയിലേക്ക് പോയി.അതുകഴിഞ്ഞ് പാർക്കിൽ പോയി.അവിടെനിന്ന് ben mark ഫാക്ടറിയിൽ പോയി.അവിടുന്ന് ആദ്യം കണ്ടത് ചോക്ലേറ്റ് നിർമാണം കണ്ടപ്പോൾ സൗജന്യമായി ചോക്ലേറ്റ് കിട്ടി.ചായപ്പൊടി നിർമാണവും കണ്ടപ്പോൾ സൗജന്യമായി ചോക്ലേറ്റ് കിട്ടി.ചായപ്പൊടി നിർമാണവും കണ്ടു.ഊട്ടിയുടെ വ്യൂ പോയന്റായ സ്ഥലത്ത് മുഴുവൻ മഞ്ഞായിരുന്നു. അവിടെയുള്ള കടയിൽനിന്ന് liquid nitrogen ൽ മുക്കിയ ബിസ്കറ്റ് കഴിച്ചു.തിരിച്ചു വരുന്ന സമയത്ത് ഒരു കുട്ടിയെ പുലി ആക്രമിച്ച് ആ കുട്ടി മരണപ്പെട്ടു.അതു കാരണം നാട്ടുകാർ റോഡിനു നടുവിൽ ഇരുന്ന് പ്രതിഷേധിച്ചു.അങ്ങനെ അവിടെത്തന്നെ വണ്ടിയിൽ ഉറങ്ങി. ഉറങ്ങിയെഴുന്നേറ്റപ്പോൾ നമ്മൾ ശ്രീകണ്ഠാപുരത്തെത്തിയിരുന്നു.അവിടെനിന്ന് പ്രഭാതഭക്ഷണം കഴിച്ചു.അടുത്ത സ്ഥലത്ത് പോയപ്പോൾ അവിടെയുള്ള ഒരു കാടിലൂടെ പോയി വെള്ളച്ചാട്ടത്തിലെത്തി.അവിടെ കുറെ സമയം ചിലവഴിച്ച് തിരിച്ചു വീട്ടിലേക്ക് വന്നു.



**സൽമാൻ ഫാരിസ്.എം.പി (IX)**

# പൂന്തോട്ടം

**പൂമ്പാറ്റയുടെ** പൂക്കളുള്ള പൂന്തോട്ടം
പൂക്കൾ വിരിഞ്ഞ് നിൽക്കുന്ന പൂന്തോട്ടം
എന്ത് മനോഹരമായ പൂക്കൾ
നിറം വിതറുന്ന പൂക്കളിൽ നിന്ന്
പൂമ്പാറ്റ വന്ന് തേൻ നുകരുന്നു
എന്തു ഭംഗിയാണ് ആ കാഴ്ച്ച കാണാൻ
എന്റെ സ്വന്തം പൂന്തോട്ടം (2)



റിസ.പി (V)

# വായനയുടെ പ്രാധാന്യം

**വായന** മനുഷ്യർക്കു മാത്രം സാധ്യമാകുന്ന ഒരത്ഭുത സിദ്ധിയാണ്.അറിവ് നേടുന്നതിനുള്ള പ്രാധാന മാർഗവും വായന തന്നെ.വായന ഒരു അനുഭവമാണ്,അനുഭൂതിയാണ്.വായന മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും തെളിച്ചമുള്ളതാക്കിത്തീക്കുന്നു.വായനയിലൂടെ നാം അറിവ് നേടുമ്പോൾ മനസ്സിന്റെ വേലിക്കെട്ടുകൾ ഓരോന്നായി അഴിയുന്നു.ഗുരുക്കന്മാരെപ്പോലെ അറിവ് പകർന്നുതരുന്ന നിധിശേഖരണങ്ങളാണ് ഗ്രന്ഥങ്ങൾ അഥവാ പുസ്തകങ്ങൾ.മാനവരാശിയുടെ എക്കാലത്തെയും വളർച്ചയിലെയും ഉയർച്ചയിലെയും നന്മനിറഞ്ഞ സാന്നിധ്യമാണു വായന.സ്വയം നവീകരണത്തിനും സാമൂഹ്യപരിവർത്തനത്തിനും വായനയോളം ഊർജം പകരുന്ന മറ്റൊരു മാധ്യമമില്ല.അറിവിന്റെ പ്രകാശലോകത്തേക്കാണ് വായന നമ്മെ കൊണ്ടുപോകുന്നത്.വായന നമ്മുടെ സംസ്കാരമാകണം,ശീലമാകണം.സാങ്കേതികവി-ദ്യയുടെ കടന്നുകയറ്റമോ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരമോ ഒന്നും വായനയെ ബാധിക്കാൻ പാടില്ല.കുട്ടികളിൽ വായനാശീലം കുറയുന്നതായാണ് കാണാനാകുന്നത്.മൊബൈൽ ഫോൺ,ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം വായനാശീലം കുറയ്ക്കുന്നതിനു കാരണമാകുന്നു.വായനാശീലം അറിവ് വർദ്ധിക്കുന്നതോടൊപ്പം പഠിക്കാനുള്ള താത്പര്യവും കുട്ടികളിൽ ഉണ്ടാക്കാൻ സഹായിക്കുന്നു.ടി.വി കാണുന്ന കുട്ടിയേക്കാൾ വായനാശീലമുള്ള കുട്ടികളിലാണ് ബുദ്ധി വികാസം വർദ്ധിക്കുന്നതെന്നു വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നു.ജീവിതകാലം മുഴുവൻ നമ്മുടെ മനസ്സും,ബുദ്ധിയും,ഇന്ദ്രിയങ്ങളും പ്രവർത്തിക്കുന്ന കാലത്തോളം പുസ്തകങ്ങളെ നമുക്ക് കൂടെ കൂട്ടാം.



ദേവിക.എ (IX)

# ആകാശം

**സൂര്യൻ** കിഴക്ക് നിന്നു ഉദിക്കുന്നു
പക്ഷികൾ കലപില ശബ്ദം ഉണ്ടാക്കുന്നു
മേഘങ്ങളിൽ നിന്ന് മഴത്തുള്ളി വരുന്നു
ഏഴ് നിറം കൊണ്ടുള്ള മഴവില്ലും
രാത്രി നക്ഷത്രങ്ങൾ വെട്ടിത്തിളങ്ങുന്നു
നടുക്കായി ചന്ദ്രൻ തിളങ്ങുന്നു
എന്തൊരു ഭംഗിയുള്ള ആകാശം

സഫ്വാൻ (V)

# ചുവന്ന പൂവിലെ പൂമ്പാറ്റ

**ഒരു** ദിവസം ഒരു പാവപ്പെട്ട സ്ത്രീ തന്റെ കുഞ്ഞിനെ എടുത്ത് ആ തണുപ്പുള്ള രാത്രിയിൽ നടന്നു പോവുകയായിരുന്നു. ആരും അവരെ തിരിഞ്ഞു പോലും നോക്കിയില്ല. ആ സ്ത്രീ എല്ലാ വീട്ടിലും കയറിയിറങ്ങി ആരും അവർക്ക് അഭയം നൽകിയില്ല. അവസാനം ഒരു കുഞ്ഞു കുടിലിൽ അവർ രണ്ടു പേരും കൂടി വാതിലിൽ തട്ടി. അപ്പോൾ ഭംഗിയുള്ള ഒരു കുട്ടി വാതിൽ തുറന്നു. അപ്പോൾ സ്ത്രീ ചോദിച്ചു. "എനിക്കും എന്റെ കുഞ്ഞിനും ഈ രാത്രി ഇവിടെ തങ്ങാൻ അവസരം നൽകണം. അപ്പോൾ ആ കുട്ടി ആരാണെന്നു പോലും നോക്കാതെ അവരെ അകത്തു കയറ്റി. ആ കുട്ടിയുടെ വീട്ടിൽ കുട്ടിയും ഒരു വയസ്സായ സ്ത്രീയും ഉണ്ടായിരുന്നു. അവർ ആ കുഞ്ഞിനേയും സ്ത്രീയേയും നന്നായി സൽക്കരിച്ചു. അവർ പിറ്റേ ദിവസം ഇവരോട് യാത്ര പറഞ്ഞ് മടങ്ങി. ആ സ്ത്രീയുടെ വീട്ടിലേക്ക് അവരെ ക്ഷണിച്ചു കൊണ്ടാണ് മടങ്ങിയത്. ഒരുപാട് വർഷങ്ങൾക്ക ശേഷം ആ കുട്ടിയുടെ വീട്ടിലെ വൃദ്ധ മരണപ്പെട്ടു. അപ്പോൾ ആ കുട്ടി അന്ന് വീട്ടിലേക്ക് ക്ഷണിച്ച ആ സ്ത്രീ അവിടെ നിൽക്കുന്നത് കണ്ടു. ആ സ്ത്രീയുടെ കൈയ്യിൽ ഒരു ചുവന്ന പൂവ് ഉണ്ടായിരുന്നു. ആ പൂവിന്റെ മുകളിലായി ഒരു പൂമ്പാറ്റയും പറക്കുന്നുണ്ടായിരുന്നു. ആ കുട്ടി മെല്ലെ ഒരു ചെറിയ ഭയത്തോടെ അങ്ങോട്ടേക്ക് പോയി. അവൾ ആ സ്ത്രീയെ നോക്കുമ്പോൾ ഒരു രാജകീയ വസ്ത്രത്തോടെ അവിടെ നിൽക്കുന്നു. സ്ത്രീയോട് ചോദിച്ചു, "നിങ്ങൾ ആരാ"? ആ സ്ത്രീ പറഞ്ഞു, "ഞാൻ ഈ രാജ്യത്തിലെ റാണിയാണ്. നീ എന്റെ വീട്ടിലേക്ക് ഒരു തവണ വരണം". എന്നിട്ട് ആ പൂവും പൂമ്പാറ്റയും അവളുടെ കൈയിൽ ഏൽപ്പിച്ചു. കുട്ടിയുടെ കൈയിൽ കൊടുത്ത പൂമ്പാറ്റയെ കുട്ടിക്ക് വളരെ ഇഷ്ടമായി. ആ കുട്ടി അന്ന് മുതൽ ആ പൂമ്പാറ്റയുടെ കൂടെ കളിച്ചു വളർന്നു.



ആയിഷ.പി.പി(*VII*)

# മലയാളത്തിന്റെ സുൽത്താൻ

**വൈക്കം** മുഹമ്മദ് ബഷീർ എന്ന അനുഗ്രഹീത എഴുത്തുകാരന് മലയാളികൾ കല്പിച്ചുനൽകിയ പേരാണ് 'ബേപ്പൂർ സുൽത്താൻ'.എന്നാൽ അദ്ദേഹം അനുഭവങ്ങളുടെ സുൽത്താനാണ്. അക്ഷരാർത്ഥത്തിൽ അത് വാസ്തവമാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രുചിക്കുന്നതും രസിക്കുന്നതുമായിരുന്നു ആ കൃതികൾ.ജീവിതാനുഭവങ്ങളിൽ നിന്നുള്ള ചൂടും ചൂരും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കഥാപാത്ര സൃഷ്ടികളായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ ഓരോ കഥാപാത്രങ്ങളിലൂടെയും ഒരു ഐതീഹ്യപുരുഷനെപ്പോലെ ബഷീർ ഇന്നും മലയാളിമനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു.

അദ്ദേഹം 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കത്ത് തലയോലപ്പറമ്പിൽ ജനിച്ചു.1982–ൽ ഇന്ത്യാ ഗവൺമെന്റ് അദ്ദേഹത്തെ പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.1970–ൽ കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നൽകി.ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിൽ ഒരാളെന്നും അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

ഒമ്പത് വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. കൂടാതെ ആഫ്രിക്ക,അറേബ്യ തുടങ്ങിയ രാജ്യങ്ങളും ചുറ്റി സഞ്ചരിച്ചു.ഈ കാലഘട്ടങ്ങളിൽ പല തൊഴിലുകൾ അദ്ദേഹം ചെയ്തു.നിരവധി ഭാഷകൾ സ്വായത്തമാക്കി. ഹൈന്ദവ സന്യാസിമാരുടെയും സൂഫിവര്യന്മാരു ടെയും കൂടെ കുറേക്കാലം കഴിച്ചുകൂട്ടി.ധാരാളം അനുഭവസമ്പത്തോടെ കേരളത്തിൽ മടങ്ങിയെത്തി സാഹിത്യരചനയിൽ ഏർപ്പെട്ടു.

പ്രണയം,ദാരിദ്യം,പരുക്കൻ ജീവിതയാഥാർ ത്ഥ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതായിരുന്നു ബഷീറിന്റെ മിക്ക രചനകളും.

"തങ്ക"മാണ് പ്രസിദ്ധീകരിച്ച ആദ്യകഥ. പ്രേമലേഖനം ആദ്യനോവലും.ബഷീർ രചിച്ച പ്രധാന കൃതികൾ നിരവധി വിദേശ ഭാഷകളിലേക്കും വിവിധ ഇന്ത്യൻ ഭാഷകളിലേ ക്കും തർജ്ജമ ചെയ്തിട്ടുണ്ട്. തന്റേതുമാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിന്റെ സവിശേഷത. അതുകൊണ്ട് അദ്ദേഹത്തിന്റെ രചനാരീതി ബഷീറിയൻ ശൈലി എന്നറിയപ്പെട്ടു.

1958 ഡിസംബർ 18ന് ഫാത്തിമ ബീബിയെ ബഷീർ വിവാഹം ചെയ്തു. 1994 ജൂലായ് 5 ന് ബഷീർ ഈ ലോകത്തോട് വിട പറഞ്ഞു.



ഫാത്തിമത്തുൽ സന.എം (IX)

# എന്റെ പൂച്ച

മ്യാവു മ്യാവു പാടിനടക്കും
കുഞ്ഞി'കുറിഞ്ഞി'പൂച്ച
നീണ്ട വാലും കൂർത്ത നഖവും
എന്തൊരു ചന്തം പൂച്ച
മ്യാവു മ്യാവു പാടിനടക്കും
കുഞ്ഞി'കുറിഞ്ഞി'പൂച്ച
അമ്മതേച്ചു മിനുക്കിയ മൺകുടം
തട്ടി മറിച്ചു പൂച്ച
കാച്ചിക്കുറുക്കിയൊരുക്കിയ പൈമ്പാൽ
കട്ടുകുടിച്ച പൂച്ച
ഓടും പൂച്ച ചാടും പൂച്ച
പമ്മിനടക്കും പൂച്ച
എലിയെക്കണ്ടാൽ പുലിയെപ്പോലെ
ചാടിപ്പിടിക്കും പൂച്ച
മ്യാവു മ്യാവു പാടിനടക്കും
കുഞ്ഞി 'കുറഞ്ഞി ' പൂച്ച



അജ് വ ഫാത്തിമ.പി.വി 3

# പാവം അനിയത്തി പ്രാവ്

**പണ്ട്** പണ്ട് ഒരു കാട്ടിൽ ഒരു അനിയത്തി പ്രാവും ഒരു ചേട്ടത്തി പ്രാവും ഉണ്ടായിരുന്നു. ചേട്ടത്തി പ്രാവ് മഹാ ദുഷ്ട ആയിരുന്നു. ചേട്ടത്തി പ്രാവ് അനിയത്തി പ്രാവിനെ എപ്പോഴും ഉപദ്രവിക്കും. കിട്ടുന്ന ആഹാരത്തിൽ വലിയ പങ്ക് എപ്പോഴും ഏട്ടത്തി പ്രാവ് തട്ടി എടുക്കുമായിരുന്നു. പാവം അനിയത്തി പ്രാവ്. ചേട്ടത്തി എന്തു ചെയ്താലും അനിയത്തി പ്രാവ് ഒന്നും മിണ്ടില്ല. എല്ലാം സഹിച്ച് ഒന്നും മിണ്ടാതിരിക്കും. അങ്ങനെ ഒരു ദിവസം അവർ തീറ്റ തേടി നടക്കുമ്പോൾ അവർക്ക് കുറേ പയറുകൾ കിട്ടി. ചേട്ടത്തി പ്രാവ് പറഞ്ഞു: ആ, ഇവിടെ പയർ മണികൾ ഉണ്ട് ഒരെണ്ണം പോലും ബാക്കിയാവാതെ മുഴുവൻ കൊത്തിയെടുത്തോ... ഇതെല്ലാം കൂട്ടിൽ കോണ്ടു പോയി വറുത്തു തിന്നാം  സഞ്ചി നിറഞ്ഞു. വേഗം വാ... നമുക്ക് കൂട്ടിലേക്ക് പോകാം ഇതാ ഈ നാഴി നിറയെ പയറുണ്ട് ഇതിൽ ഇനി ഒന്ന് പോലും നീ കട്ടു തിന്നരുത്. ഇത് വേഗം നീ വറത്ത് വെക്ക്. ഞാനൊന്ന് പുറത്ത് പോയിട്ട് വരാം. ഞാൻ വന്നിട്ട് കുറവാണോ എന്ന് അളന്ന് നോക്കും. അങ്ങനെ ചേട്ടത്തി പ്രാവ് പുറത്തേക്കു പറന്നു പോയി. അനിയത്തി പ്രാവ് വേഗം തന്നെ ആ പയറെല്ലാം എടുത്ത് വറുക്കാൻ തുടങ്ങി. അങ്ങനെ പയറൊക്കെ വറുത്ത് കഴിഞ്ഞു. കുറച്ചു നേരം കഴിഞ്ഞ് ചേട്ടത്തി പ്രാവ് വന്നു. എന്നിട്ട് അനിയത്തിയോട് ചോദിച്ചു: അനിയത്തി നീ പയറ് വറുത്തോ.അനിയത്തി പറഞ്ഞു വറുത്തു ചേട്ടത്തി താ മുഴുവനുമുണ്ട് ഒന്നുപോലും ഞാൻ എടുത്തിട്ടില്ല. ചേട്ടത്തി പറഞ്ഞു , നിന്നെ എനിക്ക് അത്രക്കും വിശ്വാസമില്ലാ നീ ആ അളവ് പാത്രം പോയി   എടുക്ക്. അങ്ങനെ ചേട്ടത്തി അളന്നു നോക്കി അതിൽ കുറച്ച് കുറവാണ്. എന്നിട്ട് പറഞ്ഞു. നീ പയർ കട്ടുതിന്നോ... അനിയത്തി പേടിച്ചുകൊണ്ട് പറഞ്ഞു. ഇല്ല ചേട്ടത്തീ ഞാൻ കട്ടു തിന്നിട്ടില്ല. ചേട്ടത്തിപ്രാവ് അതൊന്നും വിശ്വസിച്ചില്ല. അങ്ങനെ ചേട്ടത്തിപ്രാവ് അനിയത്തിയെ കൊത്തി കൊത്തി കൊന്നു.അങ്ങനെ ചേട്ടത്തി പുറത്തു പോയി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവിടെ കുറേ പയർമണികൾ കണ്ടു. അവിടെ പോയി പറഞ്ഞു ആഹാ കുറേ ഉണ്ടല്ലോ ഇതെല്ലാം ഞാൻ ഒറ്റയ്ക്ക് തിന്നും എന്ന് പറഞ്ഞു വീട്ടിൽ പോയി. വീട്ടിൽ എത്തിയപ്പോൾ ഒന്നു അളന്നുനോക്കി. ആ ഇതു ഒരു നാഴി ഉണ്ട്. വേഗം വറുത്ത് തിന്നട്ടേ. വറുത്തു കഴിഞ്ഞപ്പോൾ ഒന്നു കൂടി അളക്കാം എന്നു കരുതി അളന്നപ്പോൾ അത് അര നാഴി ആയി. അയ്യോ എനിക്ക് അറിയില്ലായിരുന്നു വറുത്താൽ പയർ കുറയുമെന്ന്.വെറുതെ എൻെറ അനിയത്തിയെ ഇതിൻെറ പേരിൽ കൊന്നു. എന്നു പറഞ്ഞ് ചേട്ടത്തി അനിയത്തിയെ തിരക്കി പോയി...



സുഹ ഹാജിറ  7th

# ഇന്നലെ വന്നൊരു പൂമ്പാറ്റ

**പൂമ്പാറ്റേ** നിൻ ചങ്ങാതിമാർ
ഇന്നെങ്ങോട്ടാണീ പോയത്
ഇന്നലെ വന്നൊരു പൂമ്പാറ്റേ
ഇന്നു നീ എവിടേക്കാ പോയത്
പൂമ്പാറ്റേ,പൂമ്പാറ്റേ എൻ–
വീടിൻ മുറ്റത്തെ പൂക്കളിൽ–
നിന്ന് തേൻ കുടിച്ചോളൂ
പൂമ്പാറ്റേ നിൻ ചങ്ങാതിമാർ
ഇന്നെങ്ങോട്ടാണീ പോയത്



ആയിഷ.പി.പി (VII)

# ജീവപര്യന്തം

**പേടിക്കേണ്ട,**തിരിച്ചുവരില്ല എന്നു ഇടയ്ക്കിടെ ആശ്വസിപ്പിക്കുന്ന ഇനിയും മരിച്ചിട്ടില്ലാത്ത ഓർമ്മകളുടെ ആഴത്തിലേക്ക്. ആധുനികാനന്തരകഥയിൽ ജീവിതത്തിന്റെ തെളിവുകൾ സമ്മാനിച്ച ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് ഇറങ്ങിച്ചെല്ലുകയാണ്. തന്റെ കുട്ടിക്കാലത്തോട് കടപ്പെട്ടിരിക്കുന്ന ഓർമ്മകളുടെ ഈ ആൽബത്തിൽ നമ്മിൽ
പലരുടെയും ഫോട്ടോകൾ ഉണ്ട് എന്നു ഈ കഥാകാരൻ എഴുതുന്നു.തീക്ഷ്ണാനുഭവങ്ങളുടെ ജീവപര്യന്തത്തിനു വിധിച്ച അദൃശ്യനായ ആ ന്യായാധിപനു സമർപ്പിച്ച ഉള്ളെഴുത്ത്.
തന്റെ കുട്ടിക്കാലത്ത് താൻ നേരിട്ട പീഡനങ്ങളും നേരിടലുകളും അർത്ഥവ്യക്തമായ ഭാഷയിൽ അദ്ദേഹം ഇവിടെ വിവരിക്കുന്നു. ചെറുപ്പത്തിൽ കലയോട് യാതൊരു താത്പര്യവുമില്ലാതെ അദ്ദേഹം പിന്നീടത് വളർത്തിയെടുക്കുന്നു.കുട്ടിക്കാലത്ത് കണക്കു സാറിനെ പേടിച്ച് വായനശാലയിൽ പോയിരുന്നതും അവിടെ നിന്ന് ഇതുവരെ വായിച്ചിട്ടില്ലാത്ത പുസ്തകങ്ങളൊക്കെയും വായിക്കുന്നു. ബി.എയ്ക്ക് പഠിക്കുമ്പോൾ ക്ലാസുകൾ ഷിഫ്റ്റ് ആയതിനാൽ വളരെ ചെറുപ്പത്തിൽ തന്നെ തനിക്ക് കഴിയുന്ന ജോലിയൊക്കെ ചെയ്തുകൊണ്ടായിരുന്നു ജീവിതം മുന്നോട്ട് കൊണ്ടുപോയിരുന്നത്.അതിൽനിന്നു കിട്ടുന്ന പൈസയിൽനിന്ന് തന്റേതായ ആവശ്യത്തിനെടുത്ത് ബാക്കി വീട്ടിലേക്കയച്ചു കൊടുക്കും.പിന്നീട് കലയുമായി ബന്ധപ്പെട്ട എഴുത്തുകാരന്മാരെ പരിചയപ്പെടുകയും ചെറിയ സ്റ്റേജുകളിൽ നിന്ന് വലിയ സ്റ്റേജിലേക്ക് പ്രസംഗിക്കാനും സാധിച്ചു.
കഷ്ടതകളുടെയും നല്ല കാലത്തിന്റേയും ഒരു യാത്രയാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് 'ജീവപര്യന്തം' എന്ന നോവലിൽ പരാമർശിച്ചിട്ടുള്ളത്



ദേവിക. എ

# കടലോരത്തെ മഴ

മഴയോടൊപ്പം തന്നെ തിരമാലകളും
ഉത്സാഹിച്ച് കളിക്കുന്നു.ഹായ്...ഹായ്...
എന്തു നല്ല മഴ...
തിരമാല ഒഴുകിക്കളിക്കുന്നു
അതനുസരിച്ച് മഴയുടെ ഫലം
കൂട്ടി അതിൽ കളിച്ചുരസിക്കുന്നു...
ഹായ്...ഹായ്...മഴക്കാലം
കളിച്ചു രസിക്കുന്നു



സഹദിയ സജീർ 7th

# കാക്കയും മുത്തശ്ശിയും

**പണ്ട്** ഒരിടത്ത് ഒരു മുത്തശ്ശി താമസിച്ചിരുന്നു.വീടും പരിസരവും എല്ലാ ദിവസവും അടിച്ചു വാരി വൃത്തിയാക്കും.ധാരാളം പൂച്ചെടികളും നട്ടു പിടിപ്പിച്ചിരുന്നു. പൂന്തോട്ടത്തിൽ വണ്ടുകളും പൂമ്പാറ്റകളും മഞ്ഞക്കിളികളും തത്തകളുമൊക്കെ വരുമായിരുന്നു. മുത്തശ്ശി അവരെ ഓടിക്കാറില്ല .കാക്കകൾ വന്നാൽ ആട്ടിയോടിക്കും. ഒരു ദിവസം മുത്തശ്ശി അസുഖം വന്ന് കിടപ്പിലായി. മുറ്റം നിറയെ ഇലകളും കമ്പുകളും അഴുക്കുകളും. കാക്കകൾക്ക് ഇതുകണ്ട് സങ്കടമായി. കാക്കകൾ വന്ന് മുറ്റത്തെ അഴുക്കുകൾ വൃത്തിയാക്കി. ഇതുകണ്ട് മുത്തശ്ശിക്ക് സങ്കടമായി . വീട്ടിൽ ചുട്ടുവച്ച നെയ്യപ്പം കാക്കകൾക്ക് കൊടുത്തു. കാക്കകൾ നെയ്യപ്പം തിന്നു. അന്നുമുതൽ മുത്തശ്ശി കാക്കകളെ ഓടിക്കാറില്ല . മുത്തശ്ശി അങ്ങനെ കാക്കകളുമായി ചങ്ങാത്തത്തിലായി



ആരാധ്യ സി എച്ച്
3rd

# സാങ്കൽപ്പിക യാത്ര

**ഞാൻ** പട്ടത്തിൽ കയറിയിരുന്നു.പട്ടം ഉയർന്നു പൊങ്ങി.താഴെ നോക്കി.എനിക്ക് പേടിയായി.പിന്നീട് രസകരമായി തോന്നി.ധാരാളം പക്ഷികൾ പാറിപ്പറക്കുന്നു.കാറ്റ് ശക്തമായി വീശി.എന്റെ സ്കൂൾ മൈതാനത്ത് സുഹൃത്തുക്കളായ മീനുവും,ആനന്ദും,സുഹറയും കളിക്കുന്നത് കണ്ടു.എന്റെ വീട്ടിൽ മുറ്റത്ത് അമ്മ അടിച്ചുവാരുന്നത് കണ്ടു.മീൻകാരൻ  മീൻ വണ്ടി കൊണ്ട് പോകുന്നത് ഞാൻ കണ്ടു.കടലിൽ  തിരമാലകൾ തുള്ളിത്തുള്ളി കളിക്കുന്നത് കാണാൻ എന്തു രസമാണെന്നോ.കുയിലുകൾ പാട്ടുപാടുന്നത് ഞാൻ കേട്ടു.മലകൾ കാണാൻ പച്ചവിരിച്ച പാടം പോലെയുണ്ട്.കടലിൽ ബോട്ടുകളിലും,തോണികളിലും ഇരുന്ന് ആളുകൾ മീൻ പിടിക്കുന്നു.ഇവയുടെ ചുറ്റും പരുന്തും,കൊക്കും പറക്കുന്നു.കുറച്ചു നേരം കഴിഞ്ഞപ്പോൾ എനിക്ക് വിശപ്പ് തോന്നി.മലയുടെ ഇടയിൽ ആപ്പിൾ മരങ്ങളുണ്ടായിരുന്നു.അതിൽ നിന്ന്   ഒരു ആപ്പിൾ പറിച്ചുതിന്നു.അണ്ണാറക്കണ്ണന്മാർ കൂമ്പിൽനിന്നു തേൻ കുടിക്കുന്നു.നേരം ഇരുട്ടിയപ്പോൾ എനിക്ക് പേടിയായി.ഞാൻ മെല്ലെ മെല്ലെ താഴേക്കിറങ്ങി.വീട്ടിലെത്തിയപ്പോൾ നേരം വൈകിയതുകൊണ്ട് അമ്മ എന്നെ വഴക്ക് പറഞ്ഞു.ഞാൻ കരഞ്ഞു.എന്നിട്ട് സുഖമായി ഉറങ്ങി.



ഷാൻവിയ ഷൈജു

3rd std

# എന്റെ മിട്ടു പൂച്ച

**എനിക്ക്** ഒരു മിട്ടു പൂച്ച ഉണ്ടായിരുന്നു
അവനെ എനിക്ക് വളരെ ഇഷ്ടമാണ്
ഞാൻ എന്നും അവന്റെ കൂടെ കളിക്കും .നല്ല രസമാണ്
എന്റെ മിട്ടുവിനെ കാണാൻ നല്ല വെളുത്ത നിറവും
കുറേ രോമങ്ങളും നല്ല കട്ടിയുള്ള, വാലും നല്ല
തിളങ്ങുന്ന കണ്ണുകളുമുണ്ട്. ഒരു ദിവസം
ഞാനും മിട്ടുവും കൂടി കളിക്കുമ്പോൾ
ഒരു നായ വന്ന് അതിനെ കടിച്ചു കൊണ്ടുപോയി
പാവം എനിക്ക് വളരെ സങ്കടമായി
ഞാൻ കുറെ കരഞ്ഞു അങ്ങനെ ഞാൻ
ഒറ്റപ്പെട്ടുപോയി. നായയെ കാണുമ്പോൾ
എനിക്ക് ദേഷ്യമാണ്



അബാൻ .ഐ.സി.(II nd)

# *GLIMPSES OF THE PAST*

*A school is a garden*
*Where the soil comprises*
*sprouts, grown ups.*
*Tiny flowers here and there...*
*to bloom and blossom*
*Butterflies? A garden indeed!*
*Star crossed lovers.*
*The nectar of love, she preserved for him.*
*Are you blushing my tiny little flower?*
*Na, blossoms! A twinkling reply*
*The branches of the tree*
*encompasses unlike berries...*
*A beautiful soul fosters the plants*
*with love... inspires them to be fruitful.*
*Here and there could hear whispers...*
*heard and unheard melodies of love.*
*Soothing songs of nightingale, dancing peacocks*
*and chirping sounds of birds.*
*Whatelse needed?*
*insearch of my faded love note...*
*remains in the sea of history...*
*as preserved and cherished!!*


**AMRITHA.K**
**(English Teacher)**

# കുട്ടികൾ വരച്ച ചിത്രങ്ങൾ


PRAYAG.K.P
10th


ASHMI. D NITHEISH
2nd std


Parvathi



Devika


Punya


Anusmid


Shahan


Riza


Devanjana


Jasna



ലിറ്റിൽ കൈറ്റ്സ് 2022-25 BATCH

നന്ദി